LIBRARY ARCHIVES Kerala Legislative Assembly

ഡെന്റൽ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറുടെ ട്രാൻസ്ഫർ

110 (3543) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജോയിന്റ് ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ (ജനറൽ) ഡോ. കെ. ജ്യോതീന്ദ്ര കുമാറിന് ഡെന്റൽ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറെ ട്രാൻസ്ഫർ ചെയ്യുന്നതിന് അധികാരമുണ്ടോ ; എങ്കിൽ ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ നൽകുമോ; ഇല്ലെങ്കിൽ പദവി ദുരുപയോഗം ചെയ്ത് ടിയാൻ ഇറക്കിയ G4/13385/2014/DME dated 23-6-2015 എന്ന ഉത്തരവ് റദ്ദുചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ;

(ബി) ഇത്തരത്തിൽ അധികാര ദുർവിനിയോഗംചെയ്ത ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമോ ;

(സി) ഔദ്യോഗിക സർവ്വീസ് സംഘടനകളുടെ സംസ്ഥാന ജനറൽ സെക്രട്ടറി, പ്രസിഡന്റ് എന്നിവരെ ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള മാനദണ്ഡത്തിന് വിരുദ്ധമായി G.O. (Ms) 230/67/PD dated 21-7-1967 പ്രകാരം ടിയാന്മാരെ ട്രാൻസ്ഫർ ചെയ്യുന്നതിന് Joint Director of Medical Education (G), ഡോ. കെ. ജ്യോതീന്ദ്രകുമാറിന് അധികാരമുണ്ടോ ; ഇല്ലെങ്കിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി ട്രാൻസ്ഫർ നടത്തിയ ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ-ഡി) 23-6-2015 തീയതിയിലെ G4/13385/2014/DME എന്ന നമ്പറിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്നും ഇറക്കിയിട്ടുള്ള ഉത്തരവ് സംബന്ധിച്ച പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ട്. പരാതി പരിശോധിച്ചുവരികയാണ്.

ദന്തൽ കോളേജുകളിലെ പ്രൊമോഷന്റെ മാനദണ്ഡം

111 (3544) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദന്തൽ കൗൺസിൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണോ സംസ്ഥാനത്തെ ദന്തൽ കോളേജുകളിൽ ഡോക്ടർമാരുടെ പ്രമോഷൻ നടത്തുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) അല്ലെങ്കിൽ ആയതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ?